APRIL 14 2012

The KCS NEWS

www.kcschicago.com

KNANAYA CATHOLIC SOCIETY OF CHICAGO

VOL 1 ISSUE 16

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **Cyriac Koovakattil**
Secretary: **Simon Abraham Muttathil**
News Editor : **Jaimon Nanthikattu**

ക്നാനായത്വം സംരക്ഷിക്കുക

വിശദീകരണയോഗവും ഒപ്പുശേഖരണ ഉദ്ഘാടനവും ഏപ്രിൽ 22 ന്

ക്നാനായ ഇടവകകളിലെ അംഗത്വം ജന്മംകൊണ്ടും കർമ്മം കൊണ്ടും ക്നാനായത്വം പാലിക്കുന്നവർക്ക് മാത്രമായിരിക്കണം എന്നാണല്ലോ ആത്മാഭിമാനികളായ എല്ലാ ക്നാനായക്കാരന്റെയും ആഗ്രഹം. കേരളത്തിലെപ്പോലെ തന്നെ വടക്കേ അമേരിക്കയിൽ ക്നാനായ സമുദായത്തിന്റെ പൈതൃകവും പാരമ്പര്യങ്ങളും കാത്തുപരിപാലിക്കുവാൻ കഴിയാത്തത് 1986 ലെ റെസ്ക്രിപ്റ്റ് നിലനിൽക്കുന്നതുകൊണ്ടാണ്. ആയതുകൊണ്ട് നമ്മുടെ പാരമ്പര്യങ്ങളുടെയും പൈതൃകങ്ങളുടെയും മേൽ കരിനിഴൽ വീഴ്ത്തിയ 1986 ലെ റെസ്ക്രിപ്റ്റ് പിൻവലിക്കുകയോ തിരുത്തിയെഴുതുകയോ വേണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം ഓറിയന്റൽ ചർച്ചിന് നൽകുന്നതിന്റെ വിശദീകരണയോഗവും ഒപ്പുശേഖരണ ഉദ്ഘാടനവും **ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന്** കമ്മ്യൂണിറ്റി സെന്ററിൽവച്ച് നടത്തപ്പെടുന്നു.

ക്നാനായ സമുദായത്തിന്റെ അനന്യതയും പൈതൃകവും പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കേണ്ടത് ഓരോ ക്നാനായക്കാരന്റെയും കടമയാണ്. നമ്മുടെ നാശത്തിനായി കൊതിക്കുന്ന എല്ലാ നിഗൂഢശക്തികളെയും എതിർത്തുതോൽപ്പിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ആയതുകൊണ്ട് കെ.സി.സി.എൻ.എ.യുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും ഡി.കെ.സി.സി.യുടെയും ആമുഖ്യത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയേകുവാൻ മുഴുവൻ ക്നാനായ സമുദായാംഗങ്ങളെയും ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച 6.30 ന് കമ്മ്യൂണിറ്റി സെന്ററിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു.

ഓർലന്റോ കൺവൻഷൻ വിജയിപ്പിക്കുക

മാർ ജോസഫ് പണ്ടാരശ്ശേരി

വടക്കേ അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത ക്നാനായ മക്കളുടെ സഭാത്മകവും സാംസ്കാരികപരവും സാമുദായികപരവുമായ കാര്യങ്ങളിൽ സജീവസാന്നിദ്ധ്യമായി നേതൃത്വം നൽകി നമ്മുടെ സമുദായത്തിന്റെ ഉയർച്ചയ്ക്ക് പ്രശംസനീയമായ നേട്ടങ്ങൾ നൽകിയ കെ.സി.സി.എൻ.എ.യുടെ ആഭിമുഖ്യത്തിൽ ജൂലൈ അവസാനവാരം ഒർലാന്റോയിൽ വച്ച് നടക്കുന്ന ക്നാനായ കൺവൻഷൻ വിജയിപ്പിക്കേണ്ടത് വടക്കേ അമേരിക്കയിലുള്ള എല്ലാ ക്നാനായ സമുദായാംഗങ്ങളുടെയും കടമയാണെന്ന് മാർ ജോസ ഫ് പണ്ടാരശ്ശേരിൽ അറിയിച്ചു. കെ.സി.

(ശേഷം പേജ് 4 ൽ)

ക്നാനായ കൺവൻഷൻ ഓൺലൈൻ രജിസ്ട്രേഷൻ അവസാനിച്ചു

ഒർലാന്റോയിൽവച്ച് ജൂലൈ അവസാനവാരം നടക്കുന്ന ക്നാനായ കൺവൻഷനിൽ പങ്കെടുക്കുവാനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 10-ാം തീയതി അവസാനിച്ചു. ഏകദേശം 700 ൽപ്പരം ക്നാനായ കുടുംബങ്ങൾ ഇതിനോടകം കൺവൻഷനിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്തുവെന്ന് കൺവൻഷൻ

(ശേഷം പേജ് 4 ൽ)

EXECUTIVE BOARD:
President
CYRIAC KOOVAKATTIL
630 673 3382
Vice President
BINU POOTHURAYIL
847 644 9869
Secretary
SIMON MUTTATHIL
847 910 4531
Joint Secretary
MATHIAS PULLAPPALLIL
847 644 6305
Tressurer
JOMON THODUKAYIL
312 719 3517

LEGISLATIVE BOARD
Thankachan Vettikkattil (Chairman)
Jose Oliyanickal (V. Chairman)

FINANCE COMMITTEE
Shibu Mulayanikkunnel (Chairman)
Tomy Nediyakalayil (V. Chairman)
James Mannakulam
Joby Kuzhiamparambil
Arun Nellamattom

OUT DOOR COMMITTEE
Zacharia Chelackal (Chairman)
Johnson Koovakkada (V. Chairman)
Sijo Kulathil Karottu
John Karamyalil
Sudeep Makkil

ENTERTAINMENT COMMITTEE
Babu Thaipparambil (Chairman)
Santhosh Kalarikkapparambil (V. Chairman)
Gigi Kunnathukizhakkethil
Thomas Appozhiparambil

LITURGY COMMITTEE
George Chakkalathottiyil (Chairman)
Philip Panayapparambil

MEMBERSHIP COMMITTEE
Simon Kattappuram (Chairman)
Aby Thekkemalil (V. Chairman)

NEWSLETTER COMMITTEE
Jaimon Nanthikattu (News Editor)
Deepu Kandarappally (Sub Editor)
Sunny Mundaplakkil
Sajan Mudiyoorkkunnel

LAISON BOARD
Saji Erappuram (Chairman)
Saji Thekkumkattil (V. Chairman)
Binu Kaithakkathottiyil
Tomy Vallipparambil
Lukose Poozhikkunnel

BUILDING BOARD
Joy Choottuvelil
Raju Nediyakalayil

NATIONAL COUNCIL MEMBERS:
Nimi Thuruthuvelil
Shiju Cheriyathil
Raju Inchanattu
Chinnu Thottom
Shaji Palliveettil
Tinu Paranjattu
Vipin Chalumkal

AUDITOR
Jose Thattarettu

EDITORIAL BOARD

സഹോദരരുടെ ഐക്യം

"സഹോദരർ ഏക മനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്! അഹറോന്റെ തലയിൽ നിന്ന് താടിയിലേക്ക് ഇറങ്ങി അങ്കിയുടെ കഴുത്തുപട്ടയിലൂടെ ഒഴുകുന്ന, അമൂല്യമായ അഭിഷേക തൈലം പോലെയാണ് അത്. സീയോൻ പർവ്വതങ്ങളിൽ പൊഴിയുന്ന ഹെർമോൻ തുഷാരം പോലെയാണത്. അവിടെയാണ് കർത്താവ് തന്റെ അനുഗ്രഹവും അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത്." സങ്കീർത്തനം : 133

ലോകജനതയിൽ അതിവിശിഷ്ടരായ ഇസ്രയേൽ ജനത്തിന്റെ ഭവനങ്ങളിൽ സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശം തന്റെ മധുരതരമായ കവിഹൃയത്തിലൂടെ ദൈവ നിവേശിതമായി ദാവീദ് രാജാവ് പകർന്ന് കൊടുത്ത പഴയ നിയമത്തിലെ സങ്കീർത്തനഭാഗമാണ് നാം മുകളിൽ കണ്ടത്. ചെറുതും വലുതുമായ പലതരം പ്രശ്നങ്ങളിലും അറിഞ്ഞും അറിയാതെയും വന്നുപെട്ട് ഹൃദയം മുറിഞ്ഞ് വേദനിച്ച് ഇഴയുമ്പോൾ ദൈവം നമുക്ക് തരുന്ന മഹത്തായ സന്ദേശമാണ് "സഹോദരരുടെ ഐക്യം". ദാവീദ് രാജാവിന്റെ പിൻതലമുറക്കാരെന്ന് അവകാശപ്പെടുന്ന നമ്മുടെ നിലനിൽപ്പിന്റെ അടിസ്ഥാനശിലയും നമ്മളിൽ അലിഞ്ഞ് ചേർന്നിരിക്കുന്ന ഈ മഹാഐക്യമെന്നതിൽ തെല്ലും സംശയമില്ല. ക്ഷമയുടെയും സഹനത്തിന്റെയും പ്രാർത്ഥനയുടെയും നീണ്ട കാത്തിരിപ്പുകൾക്ക് ശേഷം ഇന്ന് ഹൃദയപൂർവ്വം അനുഭവിച്ച് ആസ്വദിച്ച് പോരുന്ന ചിക്കാഗോയിലെ സഭാ സംവിധാനത്തിൽ പൂർണ്ണമായും നമ്മുടെ കുടുംബങ്ങൾ പങ്കാളികളാകുമ്പോഴും എവിടെയൊക്കെയോ എന്തൊക്കെയൊ പോരായ്മകൾ നമ്മുടെ സാമൂഹ്യ സാമുദായിക ജീവിതത്തിൽ ഇപ്പോഴും നിലനിൽക്കുന്നു എന്നത് തെല്ലും സുഖം നൽകുന്ന കാര്യമല്ല. ചിരകാലമായി നമ്മുടെ സമുദായത്തിന്റെ പുരോഗതിക്ക് വിഘാതമായി നിന്നിരുന്ന ചില അടിസ്ഥാന പ്രശ്നങ്ങൾക്ക് കഴിഞ്ഞ കെസിസിഎൻഎ നാഷണൽ കൗൺസിൽ മീറ്റിംഗിൽ വച്ച് ശാശ്വതമായ പരിഹാരം കാണാൻ കഴിഞ്ഞു എന്നതും പ്രസ്തുത മീറ്റിംഗിൽ ചിക്കാഗോ കെസിഎസ് ന്റെ അമരക്കാരുടെ നേതൃത്വത്തിൽ നമ്മുടെ പ്രതിനിധികൾ നിർണ്ണായകമായ സംഭാവനകൾ നൽകിയെന്നതും തീർച്ചയായും നമുക്ക് വളരെ അഭിമാനകരമായ കാര്യമാണ്. ക്നാനായ സമുദായത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ നിന്ന് ഒട്ടും വ്യതിചലിക്കാതെ നമ്മുടെ പിതാക്കൻമാർക്കും വൈദികർക്കും ജൂലായ് അവസാനത്തിൽ ഒർലാന്റോയിൽ വച്ചു നടക്കുന്ന കെസിസിഎൻഎ കൺവൻഷനിൽ പങ്കെടുക്കാൻ പാത തെളിയിച്ച് കൊടുത്ത മുഴുവൻ കെസിസിഎൻഎ യുടെ നാഷണൽ കൗൺസിൽ അംഗങ്ങളേയും ചിക്കാഗോ ക്നാനായ സഹോദരങ്ങളുടെ അനുമോദനങ്ങൾ അറിയിക്കുന്നു.

കേരളത്തിന് അകത്തും പുറത്തും ലോകമെമ്പാടും നമ്മുടെ ക്നാനായ സമുദായം നേരിടുന്ന അതി സങ്കീർണ്ണമായ പ്രശ്നങ്ങളിൽ എല്ലാവർക്കും ഉള്ളപോലെ ചിക്കാഗോയിലെ ക്നാനായ മക്കൾക്കും അതീവ ഉൽക്കണ്ഠയും സങ്കടവും ഉണ്ട്. നമ്മുടെ പാരമ്പര്യവും പൈതൃകവും കെടാതെ സൂക്ഷിക്കാൻ നമ്മുടെ പൂർവ്വീകരോടുള്ള കടപ്പാടും വിശ്വസ്തതയും ആവർത്തിച്ച് ഉറപ്പിക്കാനുള്ള ലോക ക്നാനായ സമുദായത്തിന്റെ പരിശ്രമങ്ങളിൽ ചിക്കാഗോ ക്നാനായ സമൂഹവും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതോടൊപ്പം നമ്മുടെ മുൻപോട്ടുള്ള വഴിയിൽ മാർഗ്ഗദീപമാകാൻ, നമ്മുടെ പൂർവ്വീകരാൽ, തലമുറകളാൽ കൈമാറി തന്ന എല്ലാ നന്മകളും കാത്തുസൂക്ഷിക്കാൻ അചഞ്ചമായ നേതൃത്വം നൽകാൻ നമ്മുടെ പിതാക്കന്മാർക്കും, വൈദീകർക്കും ജഗദീശ്വരൻ സർവ്വ അനുഗ്രഹങ്ങളും നൽകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നോർത്ത് അമേരിക്കയിലെ ക്നാനായ മക്കളുടെ മാമാങ്കമായ അത്യപൂർവ്വങ്ങളിൽ അപൂർവ്വ സംഗമമായ അതി മഹനീയമായ ഒർലാന്റോയിൽ ജൂലായ് മാസം അവസാനം നടക്കുന്ന കെസിസിഎൻഎ കൺവൻഷനിൽ ദാവീദ് രാജാവ് പാടിത്തന്ന ഐക്യത്തിന്റെ, സാഹോദര്യത്തിന്റെ സ്നേഹഗീതം പാടിക്കൊണ്ട് നമുക്ക് നമ്മുടെ സമുദായത്തിന്റെ സ്നേഹകൂട്ടായ്മ അരക്കിട്ട് ഉറപ്പിക്കാം. നമ്മുടെ സമുദായ പിതാക്കന്മാർ പാടിത്തന്ന "സൂര്യചന്ദ്രന്മാരുള്ള കാലം തലമുറതലമുറ കൈമാറി ക്നാനായ ദീപശിഖ കെടാതെ ഞങ്ങൾ സൂക്ഷിക്കും" എന്ന് ഏറ്റ് പാടാം.

സ്നേഹപൂർവ്വം

ജയ്മോൻ നന്തികാട്ട്
ചീഫ് എഡിറ്റർ

PRESIDENTIAL DESK

പ്രിയ ക്നാനായ മാതാപിതാക്കളെ, സഹോദരീ സഹോദരങ്ങളെ,

എല്ലാ ക്രൈസ്തവരുടെയും വിശ്വാസജീവിതത്തിലെ ഏറ്റവും പരമപ്രധാനമായ ദിനങ്ങളാണല്ലോ കഴിഞ്ഞുപോയത്. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ പീഢാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ച ഈ ദിവസങ്ങൾ നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള ദിനങ്ങളായിരുന്നു.

വടക്കേ അമേരിക്കയിലെ ക്നാനായ സമുദായാംഗങ്ങളെ സംബന്ധിച്ചിടത്തോളം ലോസ് ഏഞ്ചൽസിൽവച്ച് കെ.സി.സി.എൻ.എ.യുടെ ആഭിമുഖ്യത്തിൽ നടന്ന മീറ്റിംഗും തുടർന്ന് ചിക്കാഗോയിൽ വച്ച് നടത്തിയ മൂലക്കാട്ട് പിതാവിന്റെ പ്രസംഗവും, ഫ്ളോറിഡായിൽവച്ച് നടന്ന കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ മീറ്റിംഗ് തുടങ്ങി സംഭവബഹുലമായ ദിനങ്ങളാണല്ലോ കടന്നുപോയത്. ക്നാനായ ഇടവകകളിലെ അംഗത്വത്തെച്ചൊല്ലിയുള്ള തർക്കം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. മറിച്ച് വർഷങ്ങളായി വിവിധ തലങ്ങളിൽ വടക്കേ അമേരിക്കയിൽ സജീവമായി നിൽക്കുന്ന വിഷയമാണിത്. കാലാകാലങ്ങളിൽ വടക്കേ അമേരിക്കയിലെ എല്ലാ ക്നാനായ സംഘടനകളും നമ്മുടേതായ രീതിയിൽ, കോട്ടയം രൂപതയ്ക്ക് നാട്ടിലുള്ളപോലെതന്നെ വടക്കേ അമേരിക്കയിലും ക്നാനായ ഇടവകകളും വേണം എന്ന് നിരന്തരം ആവശ്യപ്പെടുകയും പ്രവർത്തിക്കുകയും ചെയ്തു. ജന്മംകൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം നിലനിർത്തുന്നവർ മാത്രമായിരിക്കും ക്നാനായക്കാരൻ എന്നാണല്ലോ നാം പഠിച്ചതും നമ്മെ പഠിപ്പിച്ചതും. നാം പോകുന്നിടത്തെല്ലാം ഇത് പാലിക്കപ്പെടണം എന്നാണല്ലോ ക്നാനായക്കാരായ നാമേവരുടെയും ആഗ്രഹവും ആവശ്യവും.

2003 ൽ അഭി. അങ്ങാടിയത്ത് പിതാവ് കാലിഫോർണിയായിലുള്ള ശ്രീ. സിറിയക് പറത്തറയ്ക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കെ.സി.സി.എൻ.എ. ചിക്കാഗോ സീറോ മലബാർ രൂപതയുമായി നിസ്സഹകരണം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് നടന്നവിവിധ ഡവലപ്മെന്റുകളുടെ അടിസ്ഥാനത്തിൽ 2008 ൽ ചിക്കാഗോ രൂപതയുമായുണ്ടായിരുന്ന നിസ്സഹകരണം എടുത്തുമാറ്റുകയും ക്നാനായ ഇടവകകളുടെ അംഗത്വത്തെച്ചൊല്ലിയുള്ള അഭിപ്രായവ്യത്യാസത്തെത്തുടർന്ന് സീറോ മലബാർ രൂപതയുമായി കണ്ടീഷണൽ കോർപ്പറേഷൻ തുടരുകയും ചെയ്തു. ഇന്ന് വടക്കേ അമേരിക്കയിൽ സീറോ മലബാർ രൂപതയുടെ കീഴിൽ ക്നാനായ ഇടവകകളും അതിന് വികാരി ജനറാളും വികാരിമാരും മറ്റ് ഭരണസംവിധാനങ്ങളും സ്ഥാപിതമാകുകയും പ്രവർത്തനനിരതമാകുകയും ചെയ്ത സ്ഥിതിക്ക് ഈ ഇടവകകളിലെ അംഗത്വത്തെ സംബന്ധിച്ചും അവിടുത്തെ മറ്റ് കാര്യങ്ങളിലും പ്രധാനമായും തീരുമാനമെടുക്കേണ്ടത് ആ ചട്ടക്കൂടിൽനിന്നുമായിരിക്കണം. സഭാപരമായ കാര്യങ്ങളിൽ സംഘടനകൾക്കും അതിന്റെ നേതൃത്വത്തിനും ഇടപെടുന്നതിനും കാര്യങ്ങൾ നടപ്പിലാക്കുന്നതിനും പരിധിയും പരിമിതികളും ഉണ്ട്. ആയതിനാലാണ് കഴിഞ്ഞ നാഷണൽ കൗൺ സിലിൽ ഈ പ്രമേയം "KCCNA reiterates and uphold our decisions of 2008 NC that the membership in Knanaya missions must be for Knanites who are born to both Knanaya parents and if they are married their spouses also should be born to both Knanaya Parents. KCCNA feels that at the current circumstances it is the responsibility of the Knanaya region to define the membership of the Knanaya missions and Parishes within the region in North America. Therefore KCCNA believes that any conditional cooperation towards the Syro Malabar diocese is irrelevant at this time." പാസാക്കിയത്.

ഓരോ ക്നാനായക്കാരന്റെയും ആഗ്രഹവും ആവശ്യവുമെന്താണെന്ന് നമ്മുടെ സഭാനേതൃത്വത്തിന് അറിയാം. ആയതിനുള്ള പ്രവർത്തനങ്ങൾ അവരുടെ ഭാഗത്തുനിന്നും ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇതിനായുള്ള പ്രവർത്തനങ്ങളിൽ സംഘടനയുടെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായസഹകരണങ്ങൾ ആവശ്യമുണ്ടെങ്കിൽ അതെല്ലാക്കാലത്തും സഭാനേതൃത്വത്തിന് ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

ഇന്നത്തെ സാഹചര്യത്തിൽ വടക്കേ അമേരിക്കയിൽ എൻഡോഗമസ് പാലിക്കുക സംഘടനകളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന് അഭിവന്ദ്യ മൂലക്കാട്ട് പിതാവ് തന്നെ അറിയിച്ചിരിക്കുന്നതുകൊണ്ട് സംഘടനകളുടെ ആവശ്യകതയും അതിന്റെ സജീവമായ സാന്നിദ്ധ്യവും എത്രമാത്രം ആവശ്യമാണെന്ന് നാമേവർക്കും ഊഹിക്കാവുന്നതേയുള്ളൂ. നമ്മുടെ കാരണവന്മാരിൽനിന്നും നമുക്ക് പകർന്നുകിട്ടിയ പൈതൃകവും അനന്യതയും കാത്തുസൂക്ഷിക്കുവാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. ആ കടമ കാത്ത് പാലിക്കുക എന്നുള്ളത് ആത്മാഭിമാനമുള്ള ഓരോ ക്നാനായക്കാരന്റെയും ആവശ്യമാണ്. ആയതുകൊണ്ട് തന്നെ നമ്മുടെ മാതൃസംഘടനയായ കെ.സി.സി.എൻ.എ.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്നാനായ കൺവൻഷൻ വിജയിപ്പിക്കേണ്ടത് ക്നാനായ രക്തം സിരകളിലോടുന്ന ഓരോ വ്യക്തിയുടെയും കർത്തവ്യമാണ്. ഒർലാന്റോയിൽവച്ച് ജൂലൈ മാസം നടക്കുന്ന കൺവൻഷന്റെ നേതൃത്വത്തിലേക്ക് വിപിൻ ചാലുങ്കലിനെപോലുള്ള ഇവിടുത്തെ സംസ്കാര രീതികൾ അടുത്തറിയാവുന്ന നമ്മുടെ യുവജനങ്ങൾ മുന്നോട്ടുവന്നിരിക്കുന്നതും അവരുടെ നേതൃത്വത്തിൽ അനേകം പരിപാടികൾ ആസൂത്രണം ചെയ്യുന്നതും കൺവൻഷന് ഒരു പുതിയ രൂപവും ഭാവവും നൽകും എന്നതുള്ളതിൽ സംശയമില്ല. നമ്മുടെ സമൂഹത്തിന്റെയും സമുദായത്തിന്റെയും നിലനിൽപ്പിനും വിജയത്തിനുമായി നമുക്ക് പരിശ്രമിക്കാം. അതിനായി നമ്മുടെ പാരമ്പര്യങ്ങളിലും വിശ്വാസങ്ങളിലും അണുവിട വ്യതിചലിക്കാതെ നമുക്ക് മുന്നേറാം. എല്ലാവർക്കും ഈസ്റ്ററിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു..

സ്നേഹത്തോടെ
നിങ്ങളുടെ പ്രസിഡന്റ്
സിറിയക് കൂവക്കാട്ടിൽ

The Convention is right around the corner

It's here! The biggest gathering for all the Knanaya people in the world is just a few months away. The Knanaya people of North America are excited more than ever to attend this event. There are many reasons behind this anticipation as the preparation has been meet with many issues along the way.

First, Chicago lost its place to host the Convention. Then Mar Angadiath raised the concern over the conditional cooperation which was important for KCCNA to resolve. This issue became more visible to KCCNA on February 25th, in Los Angeles. At this meeting, Mar Moolakattu clearly said that without having the presence of Mar Angadiath, he, nor any of the Knanaya priests, would be able to attend the Convention. As big as it was, the Tampa Bay National Council was able to unanimously resolve this issue to the satisfaction of Mar Angadiath. By solving his concern, KCCNA once again proved the importance of keeping our fundamental values and that the Association will keep the faith of our Bishops and Priests. KCCNA took the challenge and opened the doors for our Bishops and Priests. Now, every one of them can attend the Convention. Since then, the Bishops of Kottayam and KCCNA spiritual Director Fr. Mulavanal are working very closely with KCCNA Executives to make this convention successful. Mar Pandarassery and Fr. Mullavanel have been in touch with all the Knanaya priests in North America and expressed the importance of announcing the revolutionary steps that KCCNA has taken in the Knanaya Parishes, and encourages people to attend the Convention. Almost all the priests in North America have obeyed the Bishop and pushed the subject.

It is important that all those people who would love to see the growth of the Association should attend the convention. This year's Convention will be a historic one because it will be the 25th year of KCCNA and the 10th Convention. The Convention will be a good place to reconnect with your family and friends around the country, while competing and showcasing your talents before thousands.

I wish everyone of you the best of luck and hope to see you at Convention.

Sincerely,
Shiju Cheriyathil.
RVP KCCNA

ക്നാനായ കൺവൻഷൻ ഓൺലൈൻ രജിസ്ട്രേഷൻ അവസാനിച്ചു

(ഒന്നാം പേജിൽനിന്നും തുടർച്ച)

ചെയർമാൻ ജെയിംസ് ഇല്ലിക്കനും കൺവൻഷൻ കൺവീനർ ടോമി മ്യാൽക്കരപ്പുറത്തും കെ.സി.സി.എൻ.എ. പ്രസിഡന്റ് ഷീൻസ് ആകലാശയും അറിയിച്ചു. ഒർലാന്റോയിൽ വച്ച് നടക്കുന്ന ഈ വർഷത്തെ കൺവൻഷൻ യുവജന പങ്കാളിത്തംകൊണ്ടും യുവജനങ്ങൾക്കായുള്ള പ്രോഗ്രാമുകൾകൊണ്ടും സമ്പുഷ്ടമായിരിക്കും. ഇത്തവണത്തെ കൺവൻഷനിൽ പുതുമകൾ നിറഞ്ഞ അനേകം പരിപാടികൾ ഉൾപ്പെടുത്തിയതിനോടൊപ്പം അതിശക്തമായ സുരക്ഷാസംവിധാനങ്ങളും കർഫ്യൂ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നതിനാൽ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുമൊത്ത് കൺവൻഷനിൽ പങ്കെടുക്കുന്നതിൽ യാതൊരു ആശങ്കയ്ക്കും വകയില്ല. ക്നാനായ സഭാദ്ധ്യക്ഷൻമാർ, വൈദിക ശ്രേഷ്ഠർ, സമുദായനേതാക്കൾ എല്ലാവരും എത്തിച്ചേരുന്ന ഈ കൺവൻഷൻ വിജയപ്രദമാക്കുവാൻ പരിശ്രമിക്കുന്ന കൺവൻഷൻ കമ്മറ്റിക്ക് ചിക്കാഗോ കെ.സി.എസിന്റെ അഭിനന്ദനങ്ങൾ.

ഓർലന്റോ കൺവൻഷൻ വിജയിപ്പിക്കുക: മാർ പണ്ടാരശ്ശേരി

(ഒന്നാം പേജിൽനിന്നും തുടർച്ച)

സി.എൻ.എ. യുടെ 25-ാം മത് ജൂബിലി വർഷമെന്ന നിലയിലും, പത്താമത് കൺവൻഷൻ എന്ന നിലയിലും ഒർലാന്റോ കൺവൻഷൻ ചരിത്രപരപമായ വലിയ പ്രാധാന്യമർഹിക്കുന്നു. താമ്പാ ക്നാനായ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ കണവൻഷനിൽ വടക്കേ അമേരിക്കയിലെ എല്ലാ കുടുംബങ്ങളും പങ്കെടുത്ത് ഈ കൺവൻഷന്റെ ഭാഗമായിത്തീരുകയും അങ്ങനെ ഒരു നല്ല കൂട്ടായ്മയും, സാഹോദര്യ സ്നേഹവും പടുത്തുയർത്താൻ ക്നാനായ സമുദായാംഗങ്ങൾക്ക് സാധിക്കട്ടെയെന്ന് കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ആഹ്വാനം ചെയ്തു.

അർദ്ധവാർഷിക പൊതുയോഗം

കെ.സി.എസിന്റെ ഈ വർഷത്തെ അർദ്ധവാർഷിക പൊതുയോഗം മെയ് 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽവച്ച് കൂടുന്നതാണ്. എല്ലാ കെ.സി.എസ്. അംഗങ്ങളും ഈ പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് കെ.സി.എസ്. സെക്രട്ടറി

opening ceremony of Convention

Ms. Shinkari Makora is coordinating the show for the opening ceremony, and her plan is to come to each unit and train the participants. If you have registered for the convention, learned Bharata Natyam, and are over 14 years of age please contact, Shiju Cheriyathil, at shijuphilip@sbcglobal.net or your local association secretary to participate.

കെ.സി.എസ്. യൂത്ത് ഫെസ്റ്റിവൽ

കെ.സി.എസിന്റെ ഈ വർഷത്തെ യൂത്ത് ഫെസ്റ്റിവൽ മെയ് 19-ാം തീയതി രാവിലെ 10 മണി മുതൽ കമ്മ്യൂണിറ്റി സെന്ററിൽവച്ച് നടത്തപ്പെടുന്നു. കെ.സി.എസ്. യൂത്ത് ഫെസ്റ്റിവലിൽ സമ്മാനാർഹരാകുന്നവരെയാണ് കൺവൻഷന്റെ ആർട്ട് ആന്റ് ലിറ്ററി പ്രോഗ്രാമുകളിലേക്ക് തെരഞ്ഞെടുക്കുന്നത്. യൂത്ത് ഫെസ്റ്റിവലിലെ മത്സരങ്ങളുടെ ഘടനയും, നിയമാവലിയും, താഴെകൊടുത്തിരിക്കുന്നു. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും ഇമെയിലിലൂടെയും കെ.സി.എസ്. വെബ്സൈറ്റിലൂടെയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്- എന്റർടൈൻമെന്റ് കമ്മറ്റി ചെയർമാൻ ബാബു തൈപ്പറമ്പിലുമായി ബന്ധപ്പെടുക. (ഫോൺ: 630 935 2644)

കൺവൻഷൻ ആർട്ട് ലിറ്ററി പ്രോഗ്രാം

ഒർലാൻഡോ കൺവൻഷന്റെ ആർട്ട് & ലിറ്ററി പ്രോഗ്രാമിന്റെ കാറ്റഗറി താഴെ കൊടുത്തിരിക്കുന്നു. കൺവൻഷനിൽ പങ്കെടുക്കുന്നവർ ഇതിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് മത്സരങ്ങൾക്ക് തയ്യാറെടുക്കേണ്ടതാണ്. കെ.സി.എസ് യൂത്ത്ഫെസ്റ്റിവൽ ഈ ഓർഡറിൽ നടത്തുന്നതും അതിൽ വിജയികളാകുന്നവരെ കൺവൻഷൻ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കുന്നതുമാണ്.

GROUP	SCHOOL GRADES	ITEM	TIME LIMIT**	Maximum Number of Participants
		FOLK DANCE -SINGLE	5 MINUTES	
		FOLK DANCE -GROUP	8 MINUTES	12
1	GRADES 0 TO 4	CLASSICAL DANCE-SINGLE	7 MINUTES	
		CLASSICAL DANCE -GROUP	8 MINUTES	12
		SOLO VOCAL	5 MINUTES	
		ELOCUTION	5 MINUTES	
		FOLK DANCE -SINGLE	5 MINUTES	
		FOLK DANCE -GROUP	8 MINUTES	12
2	GRADES 5 TO 8	CLASSICAL DANCE-SINGLE	7 MINUTES	
		CLASSICAL DANCE -GROUP	8 MINUTES	12
		SOLO VOCAL	5 MINUTES	
		ELOCUTION	5 MINUTES	
		FOLK DANCE -SINGLE	5 MINUTES	
		FOLK DANCE -GROUP	8 MINUTES	12
3	GRADES 9 to Below Age 21	CLASSICAL DANCE-SINGLE	7 MINUTES	
		CLASSICAL DANCE -GROUP	8 MINUTES	12
		SOLO VOCAL	5 MINUTES	
		ELOCUTION	5 MINUTES	
4	Age 21 and up	SOLO VOCAL	5 MINUTES	
		CINEMATIC DANCE-GROUP	7 MINUTES	16
		MARGAMKALI-GROUP	7 MINUTES	12
5	8th GRADE AND BELOW	WESTERN DANCE-GROUP	7 MINUTES	16
		CINEMATIC DANCE-GROUP	7 MINUTES	16
		MARGAMKALI-GROUP	7 MINUTES	12
6	GRADES 9 to Below Age 21	WESTERN DANCE-GROUP	7 MINUTES	16
		CINEMATIC DANCE-GROUP	7 MINUTES	16
7	NO AGE REQUIREMENT,any age	PURATHANA PATTU-GROUP	6 MINUTES	16
8	BELOW Age 21	CHENDAMELAM-GROUP	7 MINUTES	16

** Maximum time allowed. Participants are not required to utilize full allotted time

ആദരാഞ്ജലികൾ

ജോർജ് ഫിലിപ്പ്

വെന്നലശ്ശേരിൽ

inserted by Sorrowing family

അറിയിപ്പ്

കെ.സി.എസ് കഴിഞ്ഞ വർഷം നടത്തിയ താരസമന്വയം സ്റ്റേജ് ഷോയുടെ സ്പോൺസർഷിപ്പ് തുക, ടിക്കറ്റ് തുക ഇനിയും നൽകാത്തവർ എത്രയും പെട്ടെന്ന് അവരുടെ വിഹിതം കെസിഎസ് എക്സിക്യൂട്ടീവിന്റെ പക്കലോ ഫിനാൻസ് കമ്മറ്റിഅംഗങ്ങളുടെ പക്കലോ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇ.ജെ. ലൂക്കോസിന്റെ നിര്യാണത്തിൽ അനുശോചിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ ദീർഘകാലത്തെ പ്രസിഡന്റും സമുദായനേതാവും നിയമസഭാംഗവുമായിരുന്ന ഇ.ജെ ലൂക്കോസ് സാറിന്റെ നിര്യാണത്തിൽ കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് അനുശോചന സമ്മേളനം നടത്തി. ലൂക്കോസ് സാറിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും സമുദായപ്രമുഖരും അദ്ദേഹം സമൂഹത്തിനു നൽകിയ സംഭാവനകളെ കുറിച്ച് അനുസ്മരിക്കുകയുണ്ടായി.

തന്റെ ജീവിതകാലം മുഴുവൻ ക്നാനായ സമുദായത്തിന്റെ പ്രവർത്തനങ്ങൾക്കായി ചിലവിട്ട ഇ.ജെ ലൂക്കോസ് സാർ ക്നാനായ സമുദായത്തിനു നൽകിയ സംഭാവനകൾ എല്ലാക്കാലത്തും സമുദായം നന്ദിയോടെ സ്മരിക്കണമെന്ന് യോഗത്തിൽ സംസാരിച്ച കെ.സി.എസ്. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ, വൈസ് പ്രസിഡന്റ് ബിനു പൂത്തുറയിൽ, സൈമൺ മുട്ടത്തിൽ, ജോർജ് നെല്ലാമറ്റം, ഫിലിപ്പ് നെടുംതുരുത്തിയിൽ, ജോസ് കോലടിയിൽ, ജോൺ ഇലയ്ക്കാട്ട്, സിറിയക് പുത്തൻപുരയിൽ, സൈമൺ പള്ളിക്കുന്നേൽ, ജോയി ചെമ്മാച്ചേൽ, ഡോ. മാത്യു തിരുനെല്ലിപറമ്പിൽ, മേയമ്മ വെട്ടിക്കാട്ട്, ജോസ് തൂമ്പനാൽ, ടോമി അമ്പേനാട്ട്, ജോണിക്കുട്ടി പിള്ളവീട്ടിൽ, ജയ്മോൻ നന്ദികാട്ട്, ജോൺ കരമ്യാലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

inserted by Sorrowing family

കെ.സി.എസ്. പിക്നിക് ജൂൺ 9ന്

ഈ വർഷത്തെ കെ.സി.എസിന്റെ പിക്നിക് ജൂൺമാസം 9-ാം തീയതി ശനിയാഴ്ച ഗോൾഫ് & റിവർറോഡിലുള്ള ലയൺസ് പാർക്കിൽവെച്ച് നടത്തപ്പെടുന്നു. ചിക്കാഗോയിലെ മുഴുവൻ ക്നാനായ സമുദായാംഗങ്ങളും കെ.സി.എസ്. പിക്നിക്കിൽ പങ്കെടുക്കുവാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പേരന്റ്സ്ഡേ ആഘോഷം

ചിക്കാഗോ കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ ഈവർഷത്തെ പേരന്റ്സ്ഡേ ആഘോഷങ്ങൾ മെയ് 26-ാം തീയതി ശനിയാഴ്ച വൈകിട്ട് 7.00 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽവച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. കൂടുതൽ വിശദാംശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

കെ.സി.എസ്. ഒളിമ്പിക്സ്

കെ.സി.എസിന്റെ ഈ വർഷത്തെ ഒളിമ്പിക്സ് ജൂലൈ മാസം 14-ാം തീയതി ശനിയാഴ്ച മോർട്ടൻഗ്രോവിലുള്ള സെന്റ് പോൾസ് വുഡ് (okton & cad well) വെച്ച് നടത്തപ്പെടുന്നു. കെ.സി.എസ്. ഒളിമ്പിക്സിൽ പങ്കെടുക്കുവാൻ എല്ലാ ക്നാനായ സമുദായാംഗങ്ങളും ശ്രമിക്കണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

K.C.S CALENDER - 2012

May 12	KCS Semi -Annual general body
May 19	KCS Youth Festival
May 26	Parents day Celebration
June 9	KCS Picnic
June 23	KCS Graduation Party
July 14	KCS Olympics
July 26,27,28,29	KCCNA Convention
August 17,18,19	KCS Camping
October 20	Knanaya Night
November 17	KCS Annual General body
November 24	KCS Election
December 22	Annual Social body meeting
December 31	New year party

പ്രത്യേക ശ്രദ്ധയ്ക്ക്

നമ്മുടെ എല്ലാ വീടുകളിലും തപാൽമുഖേന എത്തുന്ന ക്നാനായ മുഖപത്രമായ കെ.സി.എസ്. ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കുന്നതിനായി വിവാഹവാർഷികം, ജന്മദിനാ ശംസകൾ, ഉപകാര സ്മരണകൾ, പാവനസ്മരണകൾ, നിങ്ങളുടെ ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങിയ പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. അതുപോലെ തന്നെ അഡ്രസ്സ് ചെയ്ഞ്ച് വന്നിട്ടുള്ളവർ തങ്ങളുടെ പുതിയ അഡ്രസ്സ് കെ.സി.എസ്. എക്സിക്യൂട്ടീവിന്റെ പക്കലോ ന്യൂസ് എഡിറ്ററിന്റെ പക്കലോ നൽകണമെന്ന് താല്പര്യപ്പെടുന്നു.

GRAND RE-OPENING!

FAMILY FOOD & LIQUOR

6315 w. DEMPSTER

847-983-4039

15% OFF

* (All Items. Limit 2 Per Item. Sale Ends April 30th)

please put your advertisement here to energize your business and support the community

DEMPSTER & OZARK SHELL

7736 W. DEMPSTER, MORTON GROVE, IL
TEL: 847-966-7200, CELL 312 560 1600

Shell

HiS POWER WASH
SERVING CHICAGO AND SUBURBS

ALEX
Chief Mechanic

LUKACHEN
Chief Mechanic

RENE
Asst. Technician

TELES
Power Wash Operator

It is the Chicago Law to do Power Wash at every Gas Stations Twice in a year

Good News:
We Open Sundays
Sunday: 10am - 4pm
Monday to Saturday: 8am - 7pm

We do: All Mechanical, Electrical & Body Works

We will beat any competitive price

Bring this Coupon

10TH ANNIVERSARY SPECIAL
Oil Change $ 12.99
Most Cars
(with Premium Oil)

CHANG'S MARTIAL ARTS ACADEMY


Master Instructor
Roger Chang Park

Certified & Licensed by the World Taekwondo Federation

CALL NOW FOR A FREE TRIAL OR OBSERVATION

(847) 966-8002

WALK-INS WELCOME!

9245 Waukegan Rd. Morton Grove, IL 60053

Learn from an internationally certified and licensed Master Instructor

KNA Realty & Mortage Service

Knahomes.com

Mathew Maplate
847 208 8508

Mathew Joseph Maplate, M.Com, LLB, CAIIB, PG DPM
Consultant-Loan, Real Estate & Tax
E-mail:mathewmapleton@yahoo.com, ww.knahomes.com

Auto Home, Life Commercial

Insurance & fianancial Services*

Right coverage at right price. Let us get together and talk about your insurance and financial services* needs.

- Rollovers*
- Variable Annuities*
- Variable Universal Life Insurance*
- Mutual Funds*
- 529 College Savings Plans*
- IRAs*
- Retirement Plans*
- 401(k) Plans*

Securities offered through Farmers Financial Solutions, LLC Member FINRA & SIPC

8432 N. Waukegan Rd, Morton Grove, IL 60053.
Fax: 847-966-7992
Tel: 847-966-7990

Job Joseph (Job Makil)
Insurance and Financial Services Agent

FARMERS INSURANCE GROUP
FARMERS

THE PREMIER GASOLINE DISTRIBUTION COMPANY

Gas DEPOT

BEST WISHES FROM NEDIYAKALAYIL FAMILY

We Fuel Your Growth

MARATHON VALERO CITGO

www.gasdepot.com

For Your All Tax & Mortage Services

SABU MADATHIPARAMBIL
Cell: 847-276-7354/ 847-918-0242
Sabuphilip@hotmail.com
1600, Dempster, St. Sulte-205,
Park Ridge, IL- 60068
(Opp. to Lutheran General Hospital)
Illinois Residential Mort-gage Licensee.

Jaibu Mathew E.A.
Enrolled to Practice Before IRS
7215 W. Touhy, Suite 5, Chicago, IL 60631
Office: 774-792-2117,312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing
* Refund in 24 Hours

For all your Personal and Business Tax Service

Tomy Nellamattam
619 N MILWAUKEE AVE
SUTE #25
Glenview:IL 60025
Office: 847 486 4112
Cell: 847 302 8556
Fax: 847 724 3247

AKANKSHA BOUTIQUE
BE GOOD TOY OUR STYLE
9196W.GOLF RD.
GOLF RD. & DEE ROAD ALL GOLF
GOLDEN PLAZA)
NILES, IL 60714
PH: 847 470 9600

സാരി, ചുരിദാർ,
ചോളി, ഷരാര,
കുർത്തി
ആഭരണങ്ങൾ
FROM BINDI TO BRIDAL ALL UNDER ONE ROOF!!
HOURS: TUESDAY THRU SATURDAY
11.00 AM TO 8.00 PM
SUNDAY 1.00 PM TO 6.00 PM
(MONDAY CLOSED)
WWW.KANKSHABOUTIQUE.COM

You Invite the Guests, We Do the Rest
Malabar
Catering & Carryout

WILLIAM GEORGE
911 GREENWOOD ROAD
GLENVIEW,
IL 60025
TEL:847-998-5635
CELL:773-842-5179
E-mail:malabareat@yahoo.com
PROFESSIONALS WITH 13 YEAR EXPERIENCE IN CATERING

Committed to Excellence
RE/MAX 1st Class Realty
3947 W Dempster Ave
Skokie, IL 60076
Your Friendly Family Realtor
Cyriac Lukose Puthanpurayil
Broker Associate
For all your Real Estate Needs
Call (847) 877 2870
Specialized in short sale / foreclosure both Residential and Commercial
നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും നിങ്ങളെ സഹായിച്ചുകൊണ്ട്
നിങ്ങളോടൊപ്പം സേവനത്തിന്റെ 30–ാം വർഷത്തിലേക്ക്
അഭിമാനത്തോടെ നിങ്ങളുടെ സ്വന്തം സിറിക്ക് ലൂക്കോസ്.
Short Sale Expert
BUYING • SELLING
RESIDENTIAL • COMMERCIAL
Office: (847) 674 9797
Fax: (847) 674 0411
Email: cyriaclukose@gmail.com

Joseph Dental Clinic
611 Milwaukee Ave, Suite 175, Glenview, Il- 60025
Ph: 847 730 3926, Emergency : 773 718 1882
Dr. Mathew Joseph, DDS
(Northwestern Graduate)
New & Convenient Location
Complete Dental Care- Braces
All Insurance Welcome
24 Hour Emergency Service
Discount Available
Affordable Payment Plan

ASIANET, ASIANET PLUS, AISANET NEWS, AMRITHA, SHALOM TV AND JAIHIND TV
Call me for new installation Service and technical Help

we do LCD, PLAZMA and LED TV Installation
Ask, how you can get Divine TV free I
UNIQUE SATELLITE
PH 847 342 8455 office
847 361 4530 Cell

Binoy George
world tv
Authorized retailer

Promoting Clean,Green Efficient Technology for a Greener & Better Tommorrow, Today !
Indus Solutions Inc.
LED Lightings and Security Camera Solutions
7230 W 90th PL
Bridgeview, IL60455
Ph: 708 272 7221
Fax: 708 272 7214
email : sales@indusled.com
www.indusled.com
Jose Cyriac
630-201-3636

NANCY NOWAK SANDER
ATTORNEY AT LAW
847 965 4852
Cell: 847 361 1828
Fax: 847 965 4076
Email:nancynsandr@yahoo.com
8532 School street
Morton Grove Il 600 53

ROYAL TRAVEL SERVICE
3423W. Lawrence Ave, Room #5, Chicago, IL 60625
TEL: (773) 509-9600, Fax: (773) 509-1196
Kuwait Airways * Air India
* Malaysian, Swiss Air,
British Airways, Lufthansa
Air France, KLM, Singapore Air,
Etihad Airways Etc.
YOUR KNANAYA TRAVEL AGENCY
Conact:
JOSE KORATTIYIL,
JAY KALAYIL

Family Dental Practice
Wisdom Teeth Extraction, Dental Implant, Osseous Surgery (Gum Surgery)
Cosmetic Dentistry, Root Canal, Bridges, Crowns, Cleaning, Whitening
Dr. Susan Edukutharayil B.D.S., D.D.S
9709 N MIL WAUKEE AVE, GLENVIEW, IL 60025
Phone: 8475811418 Fax: 847 581 1445
Most Insurance accepted
Free Consultation,
Emergencies promptly treated

KCS
KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630